# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 37

05.06.2018- ലെ മറുപടിക്ക്

## സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ നടപടി

**ചോദ്യം**

**ശ്രീ. പി.ടി.തോമസ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ.ഷാഫി പറമ്പിൽ**
**ശ്രീ. അടൂർ പ്രകാശ്**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു:-

1. സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനായി ബംഗളൂരു ഐ.ഐ.എം. പ്രൊഫസർ എം.എസ്. ശ്രീറാം ചെയർമാനായ വിദഗ്ധ സമിതി 28.04.2017 ന് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റിട്ടേർഡ് നബാർഡ് ചീഫ് മാനേജർ ശ്രീ. വി.ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയുണ്ടായി. ജനങ്ങൾക്കും സംസ്ഥാനത്തിനും ഏറെ പ്രയോജനകരമായ കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ ടാസ്ക് ഫോഴ്സ് ദ്രുതഗതിയിൽ സ്വീകരിച്ചു വരുന്നു.
2. സാമൂഹ്യ സുരക്ഷ പെൻഷൻ സഹകരണ സംഘങ്ങൾ വഴി ഗുണഭോക്താക്കളുടെ വീട്ടിൽ എത്തിക്കുന്ന പദ്ധതി നടപ്പിലാക്കി.
3. കേരള സർക്കാർ നടപ്പിലാക്കുന്ന ഹരിതകേരളം പദ്ധതിക്കു പിന്തുണ നൽകി ഹരിതം സഹകരണം എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുകയും അതിന്റെ ഭാഗമായി

ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ാം തീയതി മുതൽ 20-ാം തീയതി വരെയുള്ള കാലയളവിൽ കേരളത്തിലെ എല്ലാ സഹകരണ സംഘങ്ങളും/ സ്ഥാപനങ്ങളും മുഖേന 5 ലക്ഷം വൃക്ഷത്തൈകൾ നടുന്നതിന് ഹരിതം സഹകരണം എന്ന പേരിൽ ഒരു പദ്ധതി 2017 ജൂൺ മാസം 5-ാം തീയതി നടപ്പിലാക്കി. ഇതിന്റെ തുടർച്ചയായി ഈ വർഷവും പദ്ധതി തുടരുകയും ഓരോ വർഷവും ഓരോ ഫല വൃക്ഷത്തൈകൾ നട്ട് പരിപാലിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

4. സംസ്ഥാനത്തെ അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും പൊതുവിപണിയിലെ വിൽപ്പന വില പിടിച്ചു നിർത്തുന്നതിനും കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് കൊണ്ട് ഫലപ്രദമായി മാർക്കറ്റിൽ ഇടപെടുന്നതിനും ഇതുവഴി 680 അരിക്കടകൾ ആരംഭിച്ച് "സുവർണ മസൂരി" അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ പൊതു വിപണിയിൽ വിൽപ്പന നടത്തുവാനും സാധിച്ചു

5. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി മരം മുറിക്കാതിരിക്കാൻ സഹകരണ സംഘം മരം പണയ വസ്തുവായി സ്വീകരിച്ച് ഒരംഗത്തിന് പരമാവധി 2 ലക്ഷം രൂപ 2 വർഷ കാലാവധിക്ക് വായ്പ നൽകുന്നതിനും കൃത്യമായി തിരിച്ചടക്കുന്നവർക്ക് 2 ശതമാനം പലിശയിളവ് അനുവദിക്കുന്നതിനും ആദ്യമാസം ജനിക്കുന്ന പലിശയ്ക്ക് തത്തുല്യമായ തുക ബാക്ക് എന്റ് സബ്സിഡിയായി തദ്ദേശ സ്വയംഭരണ സ്ഥാപനം വായ്പക്കാരന്റെ അക്കൗണ്ടിലേയ്ക്ക് അടയ്ക്കുന്നതും സംബന്ധിച്ച മാതൃക ഉപനിബന്ധന തയ്യാറാക്കി തുടർ നടപടി സ്വീകരിച്ചുവരുന്നു.

6. സഹകരണ സംഘങ്ങളുടെ /ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങളെ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സ്ഥാപനങ്ങളാക്കി മാറ്റുന്നതിന് 2017 ഫെബ്രുവരി 1 മുതൽ മാർച്ച് 31 വരെ സഹകരണ മേഖലയിൽ ഒരു ഊർജ്ജിത കുടിശ്ശിക നിവാരണ പരിപാടി 'നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ

തീർപ്പാക്കൽ പദ്ധതി 2017' നടപ്പിലാക്കി.

7. ഓഹരി മൂലധനം, വായ്പ, സബ്സിഡി സഹായങ്ങൾ നൽകി പ്രാഥമിക സഹകരണ സംഘങ്ങളെയും/കൺസ്യൂമർഫെഡിനെയും, നീതി സ്റ്റോറുകൾ/നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയെയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

8. വനിതാ സഹകരണ സംഘങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് വനിതാ സംഘങ്ങൾക്കും വനിതാ ഫെഡറേഷനും ആധുനികവത്ക്കരണത്തിനും കമ്പ്യൂട്ടർ വത്കരണത്തിനും സഹായം നൽകി അതിന്റെ പ്രവർത്തനം സുസജ്ജമാക്കി വരുന്നു.

9. കേരള എസ്.സി/എസ്.റ്റി ഫെഡറേഷന്റെ കീഴിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന ആയുർധാര ഉത്പാദന യൂണിറ്റിന് പേറ്റന്റുകൾ ലഭിച്ച ആയുർവേദ മരുന്നുകളുടെ ഉത്പാദനം വിപുലപ്പെടുത്തുന്നതിന് സർക്കാർ ധനസഹായം അനുവദിച്ചു

10. ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന എസ്.സി/എസ്.റ്റി സംഘങ്ങൾക്ക് പ്രധാന പദ്ധതികൾ നടപ്പിലാക്കാൻ വേണ്ടിയുള്ള സഹായം അനുവദിച്ച് അവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു

11. സംസ്ഥാനത്തെ പാവപ്പെട്ട ജന വിഭാഗങ്ങളുടെ നേട്ടം ലക്ഷ്യമിട്ടുള്ള നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മാതൃക സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുകൊണ്ട് അവയുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ചു വരുന്നുണ്ട്.

12. പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട വിപണനം, കാർഷിക സംസ്കരണം, ആരോഗ്യം തുടങ്ങിയ മേഖലകൾക്കുവേണ്ടിയുള്ള ആർ.ഐ.ഡി.എഫ് ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നു.

13. 'കേപ്പ്' ന്റെ കീഴിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായുള്ള ധനസഹായം നൽകി ആയതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്.

14. കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ

പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി വകുപ്പുമായി ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പ്പെടുന്ന എല്ലാ ഗ്രാമ പഞ്ചായത്തുകളിലെയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ച കർഷക സേവന കേന്ദ്രങ്ങൾക്ക് ധനസഹായം നൽകി അതിന്റെ പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്.

15. കാർഷിക വിപണന മേഖലയിലെ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ച് കൊണ്ട് അതിനെ ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

16. സംയോജിത സഹകരണ വികസനം (ഐ.സി.ഡി.പി) ലക്ഷ്യമാക്കിയുള്ള എൻ.സി.ഡി.സി. ധനസഹായം ലഭ്യമാക്കി തൃശ്ശൂർ, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിൽ രണ്ടാം ഘട്ട പ്രവർത്തനം നടപ്പിലാക്കി വരുന്നു.

17. റെയ്ഡ്കോ മുഖേന ഏറെ ഗുണകരമാകും വിധം മിനി ആഗ്രോ ബസാറുകൾ, അഗ്രി ബസാറുകൾ, അഗ്രി ക്ലിനിക്കുകൾ, അഗ്രി ബിസിനസ്സ് സെന്ററുകൾ എന്നിവ തുടങ്ങുവാനുള്ള നടപടി സ്വീകരിച്ചു

18. കക്കാ വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതിയേതര വിഭാഗത്തിൽ ഉൾപ്പെടുത്തി 3.00 കോടി രൂപ നൽകിയിട്ടുണ്ട്.

19. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ കോർ-ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.റ്റി.എം. RTGS, NEFT തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

20. അക്ഷയ ഊർജ്ജ സംവിധാനങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുന്നതിന് ANERT മായി ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികളിൽ ഗുണഭോക്താവിന്റെ വിഹിതം വായ്പയായി നൽകുന്നതിന് പ്രാഥമിക ബാങ്കുകളെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

21. കുറഞ്ഞ വിലയ്ക്ക് മലബാർ സിമന്റ്

പൊതു വിപണിയിൽ ലഭ്യമാക്കുന്നതിനും അതുവഴി പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ് ലിമിറ്റഡിന്റെ ഉൽപ്പന്നമായ മലബാർ സിമന്റിന്റെ വിപണനം വിപുലമാക്കുകയും ചെയ്യും.

22. സഹകരണ സംഘങ്ങൾ മുഖേന പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുന്നതിന് കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള പ്രവർത്തനങ്ങൾ സഹകരണ വകുപ്പിന്റെ പങ്കാളിത്തത്തോടെയാണ് നടപ്പാക്കേണ്ടതായിട്ടുള്ളത്. ഇതിലേക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

23. സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരണം നടത്തുന്നതിനുള്ള പദ്ധതി നിർദ്ദേശം പരിഗണനയിലാണ്.

24. കർഷക സേവന കേന്ദ്രം നടത്തുന്നതിന് 2016-17 വർഷം എൻ.സി.ഡി.സി. ധനസഹായം അനുവദിച്ചിട്ടുണ്ട്.

25. കൺസ്യൂമർ ഫെഡിന്റെ അഴിമതി ഇല്ലായ്മ ചെയ്യുന്നതിനും സുതാര്യത കൊണ്ടുവരുന്നതിന്റെയും ഭാഗമായി ഇ-ടെണ്ടർ നടപ്പിലാക്കി. പ്രാഥമിക സഹകരണ സംഘങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിച്ചു. ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന് രൂപം നൽകി. ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായി സ്റ്റുഡന്റ്സ് മാർക്കറ്റ് ആരംഭിക്കുന്നതിനും ആഫീസ് സ്റ്റേഷനറി സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനുമായി ഇ-ത്രിവേണികൾ ആരംഭിക്കുന്നതിനും വ്യക്തികൾക്ക് ഓൺലൈനായി സാധനങ്ങൾ വാങ്ങുന്നതിനും വീട്ടിലെത്തിക്കുന്നതിനുമായി ത്രിവേണികൾ ഓൺലൈൻ ട്രേഡിംഗ് ആരംഭിക്കുന്നതിനും നടപടികൾ ആരംഭിച്ചു.

26. സഹകരണ സംഘങ്ങൾ മുഖേന സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്റൂം, കമ്മ്യൂണിറ്റി കിച്ചൻ എന്നിവ നിർമ്മിച്ചു കൊടുക്കുന്ന പദ്ധതികളും പ്രാരംഭ ഘട്ടത്തിലാണ്.

27. സാഹിത്യ പ്രവർത്തക സഹകരണ

സംഘത്തിന്റെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ നാഷണൽ ബുക്ക് ഫെയർ (കൃതി ഫെസ്റ്റ്) സംഘടിപ്പിക്കുകയുണ്ടായി.

28. സഹകരണ വകുപ്പ് സമ്പൂർണ്ണ ഇ ഓഫീസ് ആക്കുകയും സഹകരണ ഓഡിറ്റ് സോഫ്റ്റ് വെയർ അധിഷ്ഠിതമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു.

(ബി) സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; ഏത് ഏജൻസിയെയാണ് ഇതിനായി നിയോഗിച്ചിട്ടുള്ളത്; ഇവർക്ക് ഇക്കാര്യത്തിലുള്ള മുൻപരിചയം വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ഇതിനായി ഇഫ്ലാസ് എന്ന സ്ഥാപനം സമർപ്പിച്ച നിർദ്ദേശം പരിശോധിച്ച് ശുപാർശ സമർപ്പിക്കുന്നതിന് ഒരു ഉദ്യോഗസ്ഥതല കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോർ ബാങ്കിംഗ് നടപ്പാക്കുന്നതിന് ഒരു ഏജൻസിയേയും നിയോഗിച്ചിട്ടില്ല.

(സി) എത്ര കോടി രൂപയാണ് ഈ പദ്ധതിക്കായി നീക്കി വച്ചിട്ടുള്ളത്; കോർ ബാങ്കിംഗ് സംവിധാനത്തിന്റെ സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് നിയുക്തമായിട്ടുള്ള സ്ഥാപനത്തിന് ആർ.ബി.ഐ യുടെ അംഗീകാരം ഉണ്ടോ;

(സി) ഈ പദ്ധതിയ്ക്കായി 25 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കോർ ബാങ്കിംഗ് സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് ഒരു സ്ഥാപനത്തിനെയും നിയോഗിച്ചിട്ടില്ല.

(ഡി) സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ വിവരങ്ങൾ ആദായനികുതി വകുപ്പിന് ആദായനികുതി നിയമത്തിലെ 133(6) പ്രകാരം ശേഖരിക്കാമെന്ന 27.08.2013-ലെ സുപ്രീം കോടതി വിധി സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ എപ്രകാരം ബാധിച്ചുവെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

(ഡി) 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 133 (6) പ്രകാരം നിക്ഷേപകരുടെ വിവരങ്ങൾ ആദായ നികുതി വകുപ്പിന് ശേഖരിക്കാവുന്നതാണ്. ഈ വിഷയത്തിൽ 27.08.2013 ൽ സുപ്രീംകോടതി വിധി പ്രകാരം ആദായ നികുതി ചുമത്തുന്നതിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥന് 1,00,000/- രൂപയോ അതിൽ കൂടുതലോ നിക്ഷേപിക്കുകയോ ഇടപാട് നടത്തുകയോ ചെയ്യുന്ന ഏതൊരാളുടേയും വിവരം ആവശ്യപ്പെടാവുന്നതാണ്. ഇത് സഹകരണ സംഘങ്ങളിലെ ഇടപാടുകളെ പ്രതികൂലമായി ബാധിക്കുകയും ഇടപാടുകാരുടെ പേരിൽ ആദായ നികുതി വകുപ്പ് നോട്ടീസ് അയയ്ക്കുന്ന സംഘങ്ങളോട് അതൃപ്തിയ്ക്ക് കാരണമാവുകയും ചെയ്യുന്നുണ്ട്. ഇത് സഹകരണ സംഘങ്ങൾ മുഖേന ഇടപാടുകൾ നടത്തുന്നതിനുള്ള താൽപര്യം കുറയുന്നതിനും ഇടപാടുകാർ സഹകരണ സംഘങ്ങളെ സംശയ ദൃഷ്ടിയോടെ വീക്ഷിക്കുന്നതിനും കാരണമാകുന്നു.

ആദായ നികുതി നിയമത്തിലെ 80 പി പ്രകാരം 2005 വരെ സഹകരണ സംഘങ്ങൾക്ക് ലഭിച്ചിരുന്ന ആദായ നികുതി ഇളവ് പുനഃസ്ഥാപിച്ച് കിട്ടുകയും 2006 ലെ ഫിനാൻസ് ആക്ട് ഭേദഗതിയിലൂടെ 80 പി (4) കൂട്ടി ചേർത്തത് ടി വകുപ്പിന് വ്യത്യസ്ഥ തരത്തിൽ വ്യാഖ്യാനിക്കുന്നതിനും ആദായ നികുതിയുടെ പേരിൽ സഹകരണ സംഘങ്ങളെ അങ്ങേയറ്റം ചൂഷണം ചെയ്യുന്നതിനും ഭീഷണിപ്പെടുത്തുന്നതിനും കാരണമാകുന്നു. ആയതിനാൽ ഇത് ഒഴിവാക്കപ്പെടേണ്ടതാണ്. എന്നാൽ ഇതൊരു കേന്ദ്ര നിയമം ആയതിനാൽ ആദായ നികുതി നിയമത്തിലെ വകുപ്പുകളിന്മേൽ സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. 1912 ലെ സഹകരണ നിയമം അനുസരിച്ചും അതോടനുബന്ധിച്ച് സംസ്ഥാനങ്ങളിൽ നിലവിൽ വന്ന സഹകരണ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിൽ അല്ലാത്തതുമായ മുഴുവൻ സഹകരണ സംഘങ്ങൾക്കും ആദായ നികുതി ഇളവ് ലഭ്യമാക്കാൻ കഴിയുന്ന വിധം ടി നിയമത്തിലെ 80 പി യിൽ ഭേദഗതി വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്.

**സെക്ഷൻ ഓഫീസർ**